**ഗ്രാമ ന്യായാലയ, കഞ്ഞിക്കുഴി**

**(ഹാജർ- ശ്രീമതി. സീതാലക്ഷ്മി. വൈ, ന്യായാധികാരി)**

2026 മാണ്ട് ഏപ്രിൽ മാസം 7-ാം തീയതി)

**S. T. 117/2020**

| | | |
|---|---|---|
| വാദി | : | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>പോലീസ് സബ് ഇൻസ്പെക്ടർ,<br>ആർത്തുങ്കൽ ക്രൈം നമ്പർ. 104/20.<br>(പ്രതിനിധീകരിക്കുന്നത് ശ്രീമതി. സൂര്യ.<br>ആർ.എസ്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ) |
| പ്രതികൾ | : 1. | വിധു കൃഷ്ണൻ s/o. മുരളി, പറയൻ വെളിയിൽ വീട് ,<br>കുറുപ്പംകുളങ്ങര .പി.ഓ , ചേർത്തല. |
| | 2. | ഗോകുൽരാജ് s/o. ഗോവിന്ദരാജ് കണ്ണകുഴി പറമ്പിൽ<br>ചേർത്തല. പി.ഓ, ചേർത്തല.<br><br>(അഡ്വ. പി. രാജേഷ്) |
| കുറ്റം | : | U/s. 451, 341, 323 r/w 34 IPC |

ഈ കേസ് 07.04.2026 -)o തീയതി വിചാരണയ്ക്ക് വന്നതിൽ ഈ കോടതി വാദം അതേ തീയതി തന്നെ പ്രസ്താവിക്കുന്ന :-

**ഉത്തരവ്**

1. മേൽ നമ്പർ കേസിലെ പ്രതികൾക്കെതിരെ പോലീസ് സബ് ഇൻസ്പെക്ടർ, ആർത്തുങ്കൽ ക്രൈം നമ്പർ 104/20 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്മേൽ ആരംഭിച്ചിട്ടുള്ള കേസാണിത്. പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം വകുപ്പുകൾ 451, 341, 323 r/w 34 IPC പ്രകാരമുള്ള കുറ്റം ചെയ്തു എന്നുള്ളതാണ കേസ്.

2. ഇതിൻ പ്രകാരം പ്രതികൾക്ക് സമൻസ് അയക്കുകയും പ്രതികൾ ഹാജരാകുകയും ചെയ്തു. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് പ്രതികൾക്ക് നൽകി. പ്രതികൾക്ക് ജാമ്യം അനുവദിച്ചു. പ്രതികൾക്കെതിരെ ചുമത്തിയ കുറ്റചുരുക്കം പ്രതികൾക്ക് വായിച്ചു കേൾപ്പിച്ചു. പ്രതികൾ കുറ്റം നിഷേധിച്ച് വിചാരണ ആവശ്യപ്പെട്ടു.

3. വിചാരണ വേളയിൽ ഒന്നാം സാക്ഷിയും പ്രതികളും ചേർന്ന് രാജി ഹർജി സമർപ്പിച്ചു. പ്രതികൾക്ക് എതിരെ ഉള്ള കേസ് രാജി ആയി എന്നും പ്രതികൾക്ക് എതിരെ കേസ് തുടർന്ന്

നടത്താൻ താല്പര്യമില്ല എന്നും ഒന്നാം സാക്ഷി കോടതിയെ അറിയിച്ചു. ഒന്നാം സാക്ഷിയുടെ മൊഴി രേഖപ്പെടുത്തി.

4. ടി രാജി ഹർജിയിൽ ഒന്നാം സാക്ഷി സ്വമേധയാ ആണ് ഒപ്പിട്ടത് എന്ന് ബോധ്യപ്പെട്ടു. ഈ കേസിൽ പ്രതികൾക്കെതിരെ ചുമത്തിയ കുറ്റങ്ങൾ compoundable ആണെന്നും രാജിയാക്കാൻ ഒന്നാം സാക്ഷിക്ക് അവകാശമുണ്ട് എന്നും ഈ കോടതിക്ക് ബോധ്യപ്പെട്ടു. ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ ഈ കേസിൽ ചുമത്തിയ ഇന്ത്യൻ ശിക്ഷാനിയമം വകുപ്പുകൾ 451, 341, 323 r/w 34 പ്രകാരമുള്ള കുറ്റങ്ങൾ രാജി ആയതായി ഇതിനാൽ പ്രഖ്യാപിക്കുന്നു. ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത,2023, S. 359(8) പ്രകാരം പ്രതികളെ ഇതിനാൽ കുറ്റവിമുക്തരാക്കി വെറുതെ വിടുന്നു. പ്രതികൾ സമർപ്പിച്ച ജാമ്യ കച്ചീട്ട് റദ്ദാക്കി പ്രതികളെ ഇതിനാൽ സ്വതന്ത്രരാക്കുന്നു.

(ഇപ്രകാരം തുറന്ന കോടതിയിൽ 2026, ഏപ്രിൽ മാസം 7-ാം തീയതി വിധി പ്രസ്താവിച്ചിരിക്കുന്നു)

ന്യായാധികാരി
ഗ്രാമ ന്യായാലയ, കഞ്ചിക്കോട്